**കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് (ബസ്സ് സ്റ്റാന്റ്, ഷോപ്പിങ്ങ് കോംപ്ലക്സ്, ഓഡിറ്റോറിയം മുതലായവയ്ക്കു) വേണ്ടി ഭൂമിയേറ്റെടുക്കുന്നതിനുവേണ്ടിയുള്ള സാമൂഹ്യാഘാതപഠനറിപ്പോർട്ടിന്മേൽ വിദഗ്ധസമിതിയുടെ ശുപാർശക്കുറിപ്പ് തീയ്യതി 06.10.2018**

കണ്ണൂർ ജില്ലയിൽപെട്ട ഇരിട്ടി താലൂക്കിലെ പായം പഞ്ചായത്തിനുവേണ്ടി ബസ്സ് സ്റ്റാന്റ്, ഷോപ്പിംങ്ങ് കോംപ്ലക്സ്, ഓഡിറ്റോറിയം, അറവുശാല, പച്ചക്കറി മാർക്കറ്റ് എന്നിവയ്ക്കുവേണ്ടി ഭൂമിയേറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെക്കുറിച്ച് 'കെയ്റോസ് കണ്ണൂർ' എന്ന ഏജൻസി നടത്തിയ പഠനറിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധസമിതി കണ്ണൂർ ജില്ലാ കലക്ടറുടെ 24.09.2018 ലെ DCKNR/14933/2017/C1 നമ്പർ നടപടിക്രമപ്രകാരം രൂപവൽക്കരിച്ചിരുന്നു. ഈ സമിതി 01.10.2018 ാം തീയ്യതി രാവിലെ 11 മണിക്ക് പായം ഗ്രാമപഞ്ചായത്താഫീസിൽ വെച്ച് പ്രാഥമികയോഗം ചേർന്നു. പഠനറിപ്പോർട്ടിലെ കാര്യങ്ങൾ ചർച്ചചെയ്യുകയും തുടർന്ന് ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലത്തുണ്ടായേക്കാവുന്ന സാമൂഹ്യാഘാതത്തെക്കുറിച്ച് സ്ഥലപരിശോധനയിലും അന്വേഷണത്തിലും കണ്ടെത്തിയ കാര്യങ്ങൾ 06.10.2018 ാം തീയ്യതി ഉച്ചയ്ക്ക് ശേഷം 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ അന്തിമയോഗം ചേർന്ന് വിലയിരുത്തുകയും ചെയ്തു.

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പെട്ട വിളമന വില്ലേജ് വിളമന ദേശത്തുള്ള റി.സ 350/2, 351/3 എന്നിവയിൽ ഉൾപ്പെടുന്ന യഥാക്രമം 0.2671, 0.1820 എന്നിങ്ങനെ ആകെ 0.4491 ഹെക്ടർ വിസ്ത്രീർണ്ണം സ്ഥലമാണ് ഈ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. ഇത് വള്ളിത്തോട് ടൗണിലായി സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്തോട് ചേർന്നുള്ള സ്ഥലമാണ് ഇപ്പോൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

സാമൂഹ്യാഘാത പഠനറിപ്പോർട്ടിലുള്ള കാര്യങ്ങളും സ്ഥലപരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും വിശദമായി വിശകലനം ചെയ്ത് ഈ സമിതി താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന ബസ്സ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ഓഡിറ്റോറിയം, അറവുശാല, പച്ചക്കറി മാർക്കറ്റ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി പായം ഗ്രാമപഞ്ചായത്ത് തന്നെ അർഥനാധികാരിയായിട്ടുള്ളതാണ് നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതി. ഗ്രാമപഞ്ചായത്ത് ഒരു പ്രാദേശിക സർക്കാറായതിനാലും ഏറ്റെടുക്കുന്ന സ്ഥലം പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടിയുള്ളതിനാലും ഭൂമിയേറ്റെടുക്കുന്നത് ഒരു പൊതുജന ആവശ്യത്തിനുവേണ്ടിയാണ്.

2. പായം പഞ്ചായത്തിലെ ഒരു പ്രധാന ടൗണാണ് വള്ളിത്തോട് എന്ന സ്ഥലം. ഇവിടെ പഞ്ചായത്തിന്റെ സ്വന്തം കൈവശത്തിലുള്ള സ്ഥലത്തോട് ചേർന്നാണ് ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുള്ളത്. മേൽ സാഹചര്യങ്ങളാൽ ഇതിനുപകരം ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ല.

3. താമസഗൃഹങ്ങളൊന്നും ഈ ആവശ്യത്തിനുവേണ്ടി ഏറ്റെടുക്കുന്നില്ല, ആയതിനാൽ കുടിയൊഴിപ്പിക്കലിന്റേയോ പുനരാധിവാസത്തിന്റേയോ പ്രശ്നങ്ങളില്ല.

4. സ്ഥലപരിശോധനയിൽ മേല്പറഞ്ഞ ആവശ്യങ്ങൾക്കുള്ള ഭൂമി മാത്രമേ ഏറ്റെടുക്കാനുള്ളൂവെന്നും അത് കുറഞ്ഞ അളവിലാണെന്നും നിർദ്ദിഷ്ട ആവശ്യത്തിനുവേണ്ടി ഉപയോഗപ്രദമായ ഭൂമി നേരത്തെ ഏറ്റെടുത്തിട്ടില്ലെന്നും പരിശോധനയിൽ കാണുന്നു.

5. രാമചന്ദ്രൻ, ദേവസ്യ മുതൽ പേരിൽ നിന്നാണ് ഈ ആവശ്യത്തിനുവേണ്ടി ഭൂമിയേറ്റെടുക്കുന്നത്. ഇതിൽ ദേവസ്യ മുതൽ പേരുടെ സ്ഥലം ഉയർന്ന കുന്നും റബ്ബർ മരങ്ങളുള്ളതുമാണ്. ഇവിടെ നിന്ന് മണ്ണ് നീക്കം ചെയ്യുമ്പോൾ ബാക്കിയുള്ള സ്ഥലത്ത് മണ്ണിടിച്ചിൽ ഉണ്ടാകാത്ത സ്ഥിതിയിൽ ശാസ്ത്രീയമായി മണ്ണ് നീക്കം ചെയ്യേണ്ടതാണെന്ന് കാണുന്നു. ബസ്സ് സ്റ്റാന്റ്, ഷോപ്പിങ്ങ് കോംപ്ലക്സ്, ഓഡിറ്റോറിയം, അറവുശാല, പച്ചക്കറി മാർക്കറ്റ് എന്നിവ നിർമ്മിച്ചാൽ പഞ്ചായത്തിലെ മുഴുവനാളുകൾക്കും കൂടാതെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ കുടകുമായി ബന്ധിപ്പിക്കുന്ന അന്തർസംസ്ഥാനപാതയായ തലശ്ശേരി കുടക് റോഡിന് തൊട്ട് നിർമ്മിക്കുന്ന ഈ ബസ്സ് സ്റ്റാന്റിന്റെ ഗുണം ഇത് വഴിയുള്ള

സുഗമമായ ഗതാഗതത്തിനുപകരിക്കുമെന്നതിനാൽ ആയതിന്റെ മൂല്യം ഇപ്രകാരം മണ്ണ് നീക്കം ചെയ്താലുണ്ടാകുന്ന പ്രത്യാഘാതത്തേക്കാൾ വലുതാണ്.

6. പൊതുസ്ഥാപനങ്ങൾ, അംഗൻവാടി, ആരാധനാലയങ്ങൾ, മേച്ചിൻപുറങ്ങൾ മുതലായവയൊന്നും ഏറ്റെടുക്കുന്ന സ്ഥലത്തിൽ പെടാത്തതിനാൽ പൊതുഇട ങ്ങൾക്ക് ഈ പദ്ധതിമൂലം ആഘാതങ്ങളില്ല.

7. ഇതിൽ പരാമർശിച്ച ഭൂമിയേറ്റെടുക്കുന്നത് മൂലം ആർക്കും തന്നെ തൊഴി ലിനോ വരുമാനത്തിനോ കൃഷിക്കോ ആഘാതങ്ങളില്ലെന്ന പഠനറിപ്പോർട്ടിനോട് യോജിക്കുന്നു.

മേല്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പായം ഗ്രാമപഞ്ചായത്തിന്റെ നിർദ്ദിഷ്ടഭൂമിയേറ്റെടുക്കൽ പദ്ധതി അത്യന്താപേക്ഷിതമാണെന്ന് ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

ഗോപി.എം
സാമൂഹ്യശാസ്ത്രജ്ഞൻ

ജമീല നാസർ
വാർഡ്മെമ്പർ
പായംഗ്രാമപഞ്ചായത്ത്

എൻ.അശോകൻ
പ്രസിഡണ്ട്
ഗ്രാമപഞ്ചായത്ത്

രാജൻ.പി
റിട്ട.ഡെപ്യൂട്ടകലക്ടർ
പുനരധിവാസ
പ്രവർത്തന വിദഗ്ധൻ

സി.എം.മുരളീധരൻ
റിട്ട.ഡെപ്യൂട്ടകലക്ടർ
പുനരധിവാസ
പ്രവർത്തന വിദഗ്ധൻ

കിരൺ.എസ്.ആർ
അസി.എഞ്ചീനിയർ
എൽ.എസ്.ജി.ഡി
ഗ്രാമപഞ്ചായത്ത്
പ്രൊജക്ടുമായി ബന്ധപ്പെട്ട
സാങ്കേതിക വിദഗ്ധൻ

ജി.ജി.ക്രൈപത്ത്
സാമൂഹ്യശാസ്ത്രജ്ഞ
ചെയർപേഴ്സൺ
വിദഗ്ദ്ധസമിതി